സൂറഃ-7

# അൽ അഅ്റാഫ്

**80.** ലൂത്വിനെയും നാം പ്രവാചകനായി നിയോഗിച്ചിരുന്നു. അദ്ദേഹം സ്വജനത്തെ പ്രബോധനം ചെയ്തതോർക്കുക: നിങ്ങൾ ഈ മ്ലേഛവൃത്തിയിലേർപ്പെടുകയോ? നിങ്ങൾക്കു മുമ്പ് ലോകത്താരും ഇത് ചെയ്തിട്ടില്ലല്ലോ.

**81.** നിങ്ങൾ സ്ത്രീകളെ വെടിഞ്ഞ് പുരുഷന്മാരെത്തന്നെ കാമാർത്തരായി പ്രാപിക്കുന്നു. സത്യത്തിൽ നിങ്ങൾ വല്ലാതെ പരിധിലംഘിച്ച ജനം തന്നെ.

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ ٱلْفَٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ ﴿٨٠﴾

إِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ﴿٨١﴾

وَلُوطًا = ലൂത്വിനെയും (നാം പ്രവാചകനായി നിയോഗിച്ചിരുന്നു)

إِذْ قَالَ = ഓർക്കുക, അവൻ പറഞ്ഞു (അദ്ദേഹം പ്രബോധനം ചെയ്തത്) لِقَوْمِهِۦٓ = അദ്ദേഹത്തിന്റെ (സ്വ) ജനത്തോട്

أَتَأْتُونَ ٱلْفَٰحِشَةَ = നിങ്ങൾ ഈ മ്ലേഛ പ്രവൃത്തി(യിൽ ഏർപ്പെടുകയോ) കൊണ്ടുവരികയോ

مَا سَبَقَكُم بِهَا = അതുകൊണ്ട് നിങ്ങളെ മുൻകടന്നിട്ടില്ല (നിങ്ങൾക്ക് മുമ്പ് ചെയ്തിട്ടില്ലല്ലോ) مِنْ أَحَدٍ = ഒരുവനും (ആരും)

مِّنَ ٱلْعَٰلَمِينَ = ലോകരിൽ (ലോകത്ത്) إِنَّكُمْ = തീർച്ചയായും നിങ്ങൾ

لَتَأْتُونَ ٱلرِّجَالَ = പുരുഷന്മാരുടെ തന്നെ അടുത്തു വരുന്നു (ന്മാരെത്തന്നെ പ്രാപിക്കുന്നു) شَهْوَةً = വികാരത്താൽ (കാമാർത്തരായി)

مِّن دُونِ ٱلنِّسَآءِ = സ്ത്രീകളെ കൂടാതെ (വെടിഞ്ഞ്) بَلْ أَنتُمْ = അല്ല (സത്യത്തിൽ) നിങ്ങൾ قَوْمٌ = ജനമാകുന്നു

مُّسْرِفُونَ = (വല്ലാതെ) പരിധിലംഘിച്ചവരായ

**80,81:** സമൂദ് വർഗത്തിന്റെ ദുരന്തകഥ വിവരിച്ച ശേഷം സദൂം ദേശത്തിന്റെ ചരിത്രം ചൂണ്ടിക്കാണിക്കുകയാണ്. ചാവുകടലിന്റെ തെക്കേ തീരപ്രദേശം - ഇന്നത്തെ ട്രാൻസ് ജോർദാൻ - പണ്ട് അറിയപ്പെട്ടിരുന്നത് സിദ്ദീം എന്നായിരുന്നു. ഇവിടെ സദൂം, ഗമോറ, സൊബോയീം, അദ്മ, ബേല (സോവർ) എന്നിങ്ങനെ അഞ്ചു രാജ്യങ്ങളുണ്ടായിരുന്നു. സദൂം ആയിരുന്നു കേന്ദ്രം. ഇബ്റാഹീം(അ) ഈ ദേശങ്ങളിലൊക്കെ പ്രബോധന പര്യടനങ്ങൾ നടത്തിയിട്ടുണ്ട്. ഇബ്റാഹീം നബിയുടെ സഹോദരൻ ഹാറാന്റെ പുത്രനാണ് ലൂത്(അ). ഇബ്റാഹീം(അ) ജനിച്ച ഊർ പട്ടണത്തിലാണ് ലൂത്വും ജനിച്ചത്. ഹാറാൻ നേരത്തേ മരണപ്പെട്ടു. ഇബ്റാഹീം നബിയുടെ ശിക്ഷണത്തിലാണ് ലൂത് വളർന്നത്. സ്വന്തം കാര്യങ്ങൾ നോക്കാനുള്ള പരിചയവും പക്വതയുമാർജിച്ചപ്പോൾ ഇബ്റാഹീം(അ) അദ്ദേഹത്തെ, അക്കാലത്ത് ഐശ്വര്യസമൃദ്ധമായിരുന്ന സദൂമിൽ താമസിപ്പിച്ചു. സദൂം വാസികളിൽനിന്നുതന്നെ ഒരു സ്ത്രീയെ ലൂത് വിവാഹം ചെയ്തു. ഇബ്റാഹീമിന്റെ ശിഷ്യനും സത്യവിശ്വാസിയും സംശുദ്ധനുമായ ലൂത്വിനെ അല്ലാഹു സദൂമിൽ പ്രവാചകനായി നിയോഗിച്ചു.

സമ്പന്നരും ശക്തരുമായിരുന്ന സദൂം വാസികൾ പൂർവ പ്രവാചകന്മാരുടെ തത്ത്വോപദേശങ്ങളിൽനിന്നും ധാർമികാധ്യാപനങ്ങളിൽനിന്നും ഏറെ അകന്നുപോയിരുന്നു. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും തജ്ജന്യമായ എല്ലാ അനാചാരങ്ങളും അവരിൽ വേരുറപ്പിച്ചു. സദൂമിൽ ഏറ്റം പ്രകടമായി കണ്ടിരുന്ന ജുഗുപ്സാവഹമായ അധർമം സ്വവർഗരതിയായിരുന്നു. പുരുഷന്മാർ പുരുഷന്മാരെയും സ്ത്രീകൾ സ്ത്രീകളെയും ലൈംഗിക പങ്കാളികളാക്കുന്ന ദുരാചാരം അവരിൽ പടർന്നു പിടിച്ചു. ഏതെങ്കിലും സ്ത്രീയോ പുരുഷനോ അതിൽനിന്ന് മാറിനിൽക്കാനാഗ്രഹിച്ചാലും സാധ്യമാകാത്ത അവസ്ഥയിലെത്തിയിരുന്നു സാമൂഹികാന്തരീക്ഷം. നാട്ടിലെത്തുന്ന പരദേശികൾ പോലും പ്രകൃതിവിരുദ്ധമായ കാമപ്പേക്കൂത്തിനിരയാകുമായിരുന്നു. ഈ സാഹചര്യത്തിലാണ് ലൂത്(അ) പ്രവാചകനായി നിയുക്തനാകുന്നത്. അദ്ദേഹം ആദ്യം ശബ്ദമുയർത്തിയത് നിർലജ്ജമായ ഈ മ്ലേഛ വൃത്തിക്കെതിരെയായിരുന്നു. പക്ഷേ, ജനം അദ്ദേഹത്തിനു ചെവികൊടുത്തില്ല. തങ്ങളുടെ കുത്സിത വൃത്തിക്കെതിരെ ശബ്ദമുയർത്തുന്ന പ്രവാചകന്റെ സാന്നിധ്യം പോലും അവർക്കസഹ്യമായി. ലൂത് നബിയുടെ സദാചാര പ്രഭാഷണങ്ങളെയും ജീവിത വിശുദ്ധിയെയും അവർ രൂക്ഷമായി പരിഹസിച്ചു. ഇത്രത്തോളം സന്മാർഗികളും പരിശുദ്ധരു

മായ ആളുകൾ നമുക്കാവശ്യമില്ലെന്ന് ഘോഷിച്ചുകൊണ്ട് അവരദ്ദേഹത്തെ നാട്ടിൽനിന്ന് ആട്ടിയോടിക്കാൻ തീരുമാനിച്ചു.

ഈ നിലപാടിലൂടെ തങ്ങളിൽ യാതൊരുവിധ സംസ്കരണ സംരംഭവും ഫലപ്പെടുകയില്ലെന്നും തങ്ങൾ നൂറുശതമാനവും ഉന്മൂലനാശത്തിന് അർഹരായിക്കഴിഞ്ഞിരിക്കുന്നുവെന്നും സ്വയം തെളിയിക്കുകയായിരുന്നു സദൂമുകാർ. അല്ലാഹു അവരെ നശിപ്പിക്കാൻ തന്നെ തീരുമാനിച്ചു. അവരുടെ നശീകരണാർഹത ഒന്നുകൂടി സ്ഥിരപ്പെടുത്തിക്കൊണ്ടാണ് ദൈവശിക്ഷയുടെ അരങ്ങേറ്റമുണ്ടായത്. ശിക്ഷക്ക് മുന്നോടിയായി അല്ലാഹു ഏതാനും മലക്കുകളെ സദൂമിലേക്കയച്ചു. അവർ സുന്ദരമായ മനുഷ്യരൂപം സ്വീകരിച്ച് ലൂത്വ് നബിയുടെ വസതിയിലെത്തി. അദ്ദേഹം അവരെ അതിഥികളായി സ്വീകരിച്ചാദരിച്ചു. ലൂത്വിന്റെ വീട്ടിൽ കുറേ പരദേശി പുരുഷന്മാരെത്തിയ വിവരമറിഞ്ഞ് സദൂമുകാർ ഒട്ടും താമസിയാതെ ആ വീട്ടിലേക്ക് പാഞ്ഞടുത്തു. അതിഥികളായെത്തിയവരെ ലൈംഗിക കേളിക്കുപയോഗിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ലൂത്വ്(അ) നാട്ടുകാരെ തടയാൻ ആവത് ശ്രമിച്ചു. വേണമെങ്കിൽ തന്റെ പെൺമക്കളെ പ്രാപിച്ചുകൊള്ളാൻ വരെ അക്രമികളോടപേക്ഷിച്ചുകൊണ്ട് അതിഥികളെ രക്ഷിക്കാൻ നോക്കി. ജനം അതൊന്നും കൂട്ടാക്കിയില്ല. നവാഗതരെ വിട്ടുതന്നില്ലെങ്കിൽ അവരോടൊപ്പം നിന്നെയും കൂടി ഞങ്ങൾ പ്രാപിക്കും എന്ന് ഭീഷണിപ്പെടുത്തുകയായിരുന്നു അവർ. എന്നാൽ മലക്കുകളെയോ ലൂത്വ് നബിയെയോ അവർക്ക് തൊടാനായില്ല. മലക്കുകളുടെ നിർദേശമനുസരിച്ച് ലൂത്വും കുടുംബവും രായ്ക്കുരാമാനം സദൂം വിട്ടു. അങ്ങനെ ഇനിയും ഈ ലോകത്ത് അവശേഷിക്കാൻ ഒട്ടും അർഹതയില്ല എന്ന് സ്വയം സ്ഥിരപ്പെടുത്തിയ ആ ജനത മുച്ചൂടും നശിപ്പിക്കപ്പെട്ടു.

وَلُوطًا (ലൂത്വിനെയും) എന്ന വാക്കിനെ സമാസിച്ചിരിക്കുന്നത് നേരത്തേ 59-ാം സൂക്തത്തിൽ لَقَدْ أَرْسَلْنَا نُوحًا എന്നു പറഞ്ഞതിലെ نُوحًا എന്ന പദത്തോടാണ്. അതുകൊണ്ടാണ് 'ലൂത്വിനെയും നാം പ്രവാചകനായി നിയോഗിച്ചു' എന്ന് അർഥം ലഭിച്ചത്. ഹൂദ് നബിയെയും സ്വാലിഹ് നബിയെയും പരാമർശിച്ചപ്പോൾ സമുദായത്തിന്റെ സഹോദരൻ - أَخَاهُمْ - എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ലൂത്വ് നബിയെ അങ്ങനെ വിശേഷിപ്പിക്കാതിരുന്നത് അദ്ദേഹം ആ പ്രബോധിത സമുദായത്തിലെ അംഗമല്ലാത്തതുകൊണ്ടാണെന്ന് മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ലൂത്വ് (അ) വംശീയമായി ബാബിലോണിയക്കാരനാണല്ലോ. ദീർഘകാലത്തെ അധിവാസംകൊണ്ടും വൈവാഹിക ബന്ധംകൊണ്ടുമാണ് സദൂമുകാർ അദ്ദേഹത്തിന്റെ സമുദായം - قَوْمٌ - ആകുന്നത്. അല്ലാഹു ഓരോ സമുദായത്തിനും അവരിൽനിന്നുള്ള പ്രവാചകന്മാരെ നിശ്ചയിച്ചുകൊടുക്കുന്നത് പ്രവാചകന്മാർ പ്രബോധിതർക്ക് സുപരിചിതരായിരിക്കേണ്ടതിനുവേണ്ടിയാണ്. അവരുടെ മാതാപിതാക്കളാര്, എപ്പോൾ എവിടെ ജനിച്ചു, ഭൂതകാലചരിത്രമെന്ത്, വർത്തമാനകാല ചര്യകളെങ്ങനെ എന്നൊക്കെ സമുദായത്തിന് വ്യക്തമായി അറിയാവുന്ന പ്രവാചകന്മാരെ അവർക്ക് അനായാസം വിശ്വസിക്കാൻ കഴിയും. അപരിചിതനും പരദേശിയുമായ ഒരാൾ പെട്ടെന്നൊരു നാൾ പ്രത്യക്ഷപ്പെട്ട് താൻ ദൈവദൂതനാണെന്നറിയിച്ചാൽ നാട്ടുകാർക്ക് അത്രയെളുപ്പം ബോധ്യപ്പെടുകയില്ല. അയാളുടെ തത്ത്വോപദേശങ്ങൾ എത്ര മഹത്തരമായിരുന്നാലും പ്രവാചകന്നും ജനങ്ങൾക്കുമിടയിലുള്ള അപരിചിതത്വം സന്ദേഹത്തിന്റെയും അവിശ്വാസത്തിന്റെയും പുകപടലമായി നിലനിൽക്കും. നാട്ടുകാരനല്ലെങ്കിലും പ്രവാചകനുമായി ദീർഘകാലത്തെ പരിചയമുണ്ടെങ്കിൽ സന്ദേഹത്തിന്റെ പുകപടലത്തിനിടമുണ്ടാവില്ല. പരദേശിയെ ദീർഘകാലത്തെ സ്ഥിരവാസവും വിവാഹബന്ധവുമൊക്കെ അന്നാട്ടിലും നാട്ടുകാരിലും അംഗവും അവകാശിയുമാക്കുന്നു. അങ്ങനെ സദൂംകാരനായിത്തീർന്നയാളാണ് ലൂത്വ്(അ).

ٱلْفَٰحِشَةَ - ന്റെ അർഥം നേരത്തേ സൂറഃ *അൽഅഅ്റാഫ്* 28-ാം സൂക്തത്തിലും സൂറഃ *അന്നിസാഅ്* 15,19,22,25 സൂക്തങ്ങളിലും വിവരിച്ചിരിക്കുന്നു. ഇവിടെ അതുകൊണ്ടുദ്ദേശ്യം സ്വവർഗരതിയാണ്. സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നതുകൊണ്ടാണ് പാപത്തിന്റെ പേര് പരാമർശിക്കാതിരുന്നത്. അത് എല്ലാ നിലക്കും ٱلْفَٰحِشَةَ ആയ അശ്ലീലമാണ് എന്ന സൂചനയുമുണ്ട്. മുമ്പ് ലോകത്താരും ചെയ്തിട്ടില്ലാത്തത് - مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ - എന്നതിനർഥം അതിനു മുമ്പ് ഒരു മനുഷ്യനും സ്വവർഗരതിയിലേർപ്പെട്ടിട്ടില്ല എന്നല്ല. അനുവദനീയമോ അഭിലഷണീയമോ ആയ ഒരാചാരമായി മുമ്പ് ഒരു സമുദായവും അംഗീകരിച്ചിട്ടില്ലാത്തത് എന്നാണ്. സൂറഃ *അന്നംല്* 54-ാം സൂക്തത്തിലെ أَتَأْتُونَ ٱلْفَٰحِشَةَ وَأَنتُمْ تُبْصِرُونَ (നിങ്ങൾ കണ്ടുകൊണ്ട് ഈ മ്ലേഛ വൃത്തിയിലേർപ്പെടുകയോ) എന്ന വാക്യവും സൂറഃ *അൽഅൻകബൂത്തിലെ* أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ وَتَقْطَعُونَ ٱلسَّبِيلَ وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ (നിങ്ങൾ പുരുഷന്മാരെ പ്രാപിക്കുകയും പ്രകൃതിയുടെ വഴി തടയുകയും നിങ്ങളുടെ സഭകളിൽ ദുർവൃത്തികളവ തരിപ്പിക്കുകയും ചെയ്യുന്നു) എന്ന വാക്യവും ഈ ആശയത്തെ കൂടുതൽ വ്യക്തമാക്കുന്നു.

സമുദായം ഒരപഭ്രംശമായോ പാപമായോ നീചകൃത്യമായോ കണക്കാക്കാത്ത സംഗതികളാണ് പരസ്പരം അറിഞ്ഞ് പരസ്യമായി ചെയ്യുക. നേരത്തേ അറപ്പുളവാക്കിയിരുന്ന നീചകൃത്യങ്ങൾ സമൂഹമനസ്സ് മലീമസമാകുമ്പോൾ അങ്ങനെയല്ലാതായിത്തീരുന്നു. പിന്നെ അത് ഫാഷനും പരിഷ്കാരവുമായി കൊണ്ടാടപ്പെടുന്നു. ഇവിടെ യഥാർഥത്തിൽ സംഭവിക്കുന്നത് അത്തരം നടപടികളുടെ അസഭ്യതയും നിന്ദ്യതയും വൃത്തികേടും നീങ്ങിപ്പോവുകയല്ല, പ്രത്യുത സമൂഹമനസ്സ് അശുദ്ധവും മലിനവുമാവുകയാണ്. മലിനമായ മനസ്സ് മാലിന്യങ്ങളോട് സമരസപ്പെടുകയും തൃപ്തിയടയുകയും ചെയ്യുന്നു. പിന്നെ അതിനെ മഹത്വവൽക്കരിക്കാൻ തുടങ്ങുന്നു. 'ലൈംഗിക സ്വാതന്ത്ര്യം മൗലികാവകാശം' തുടങ്ങിയ തത്ത്വങ്ങൾ കൊണ്ട് സ്വവർഗരതിയെ ന്യായീകരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന പ്രവണത അടുത്തകാലത്തായി പല നാടുകളിലും വളർന്നുവരുന്നുണ്ട്. ചില യൂറോപ്യൻ രാജ്യങ്ങൾ സ്വവർഗരതിയും സ്വവർഗ വിവാഹവും നിയമവിധേയമാക്കിയിരിക്കുകയാണ്. ഭാഗ്യവശാൽ അവിടങ്ങളിൽ ഇപ്പോഴും വലിയൊരു വിഭാഗം ആളുകൾ അതിനെ നിന്ദ്യവും നികൃഷ്ടവുമായി കാണുന്നവരാണ്. പ്രകൃതിവിരുദ്ധ ലൈംഗികതയെ എതിർക്കുന്നവർക്ക് അതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഇല്ലെങ്കിൽ ഒരു സമൂഹമെന്ന നിലയിൽ ലൂത്വ് ജനത എത്തിപ്പെട്ട അതേ പതനത്തിൽ അവരും എത്തുമായിരുന്നു.

ഇന്ത്യയിൽ തന്നെ ചില വൻ നഗരങ്ങളിൽ ധാരാളം 'ആൺ വേശ്യ'കളുണ്ട്. കേരളത്തിലും ഇക്കൂട്ടർ കുറവല്ല. ആണുങ്ങൾ 'ദമ്പതികളാ'യി ജീവിക്കുന്ന സമ്പ്രദായവും ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അത്തരം സംഭവങ്ങൾ ഒറ്റയും തെറ്റയുമായി നടക്കുന്നു എന്നതിനേക്കാൾ ഭയാനകം അതിനെയൊക്കെ ന്യായീകരിക്കാനും മഹത്വവൽക്കരിക്കാനും സാംസ്കാരിക നായകന്മാരും സാമൂഹിക പ്രവർത്തകരും മുന്നോട്ടുവരികയും അവർക്ക് മാധ്യമങ്ങളുടെ പിന്തുണ ലഭിക്കുകയും ചെയ്യുന്നുവെന്നതാണ്. പെൺവേശ്യകളെപ്പോലെ ആൺവേശ്യകളും ലൈംഗിക തൊഴിലാളികളാകുന്നു, സ്വവർഗ വിവാഹം അലംഘനീയമായ പൗരാവകാശമാകുന്നു, അതിനെ എതിർക്കുന്നത് നാഗരിക വികാസത്തെ മാനിക്കാത്ത പിന്തിരിപ്പൻ മത-സാംസ്കാരിക മൗലികവാദമാകുന്നു.... നാലായിരം കൊല്ലംമുമ്പ് സദൂം ജനത സഞ്ചരിച്ച അതേ ധർമച്യുതിയുടെ വഴിയിലാണിപ്പോൾ ഉത്തരാധുനിക ജനതയും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَٰلَمِينَ , ٱلْفَٰحِشَةَ എന്നീ വിശേഷണങ്ങൾ തന്നെ സദൂംകാരുടെ നടപടി ജുഗുപ്സാവഹമാണെന്ന് വ്യക്തമാക്കുന്നുണ്ട്. إِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ എന്ന വാക്യം അതൊന്നുകൂടി ഊന്നിപ്പറയുകയാണ്. അതായത് കാമാർത്തരായി

പുരുഷന്മാരെ പ്രാപിക്കുക എന്നത് എല്ലാ ധാർമിക നിയന്ത്രണ
ങ്ങളും പൊട്ടിച്ചെറിഞ്ഞവരുടെ നടപടിയാണ്. പ്രകൃതിയെ
കീഴ്മേൽ മറിക്കലാണ്. ദൈവം മനുഷ്യരെ സ്ത്രീയും പുരുഷ
നുമായി സൃഷ്ടിച്ചിരിക്കുന്നത് അവർ പരസ്പരം മോഹി
ക്കാനും സ്നേഹിക്കാനും രസിക്കാനും രസിപ്പിക്കാനും അതു
വഴി മനുഷ്യവംശം ഭദ്രവും പുരോഗമനോന്മുഖവുമായ സമൂഹ
മായി നിലനിൽക്കാനുമാണ്. പ്രകൃതി ഏർപ്പെടുത്തിയ ഈ
സംവിധാനത്തെ തകിടം മറിക്കുന്നതാണ് സ്വവർഗവുമായുള്ള
ലൈംഗികവേഴ്ച. പുരുഷന്ന് ലൈംഗിക സംതൃപ്തിക്ക് സ്ത്രീ
ആവശ്യമില്ല എന്നുവന്നാൽ കുടുംബം എന്ന സ്ഥാപനം തിര
സ്കൃതമാകുന്നു. സന്താനോൽപാദനത്തിനുവേണ്ടി മാത്രം
സ്ത്രീപുരുഷന്മാർ സംഗമിച്ചാൽ അതൊരു കുടുംബമാവില്ല;
ലൈംഗിക തൃപ്തിക്കുവേണ്ടി മാത്രം സംഗമിച്ചാൽ കുടുംബമാ
വാത്തതുപോലെത്തന്നെ. അതിലുണ്ടാകുന്ന കുഞ്ഞുങ്ങളും
മാതാപിതാക്കളും തമ്മിലും അവരുടെ കുടുംബങ്ങൾ തമ്മിലും
ആരോഗ്യകരമായ ബന്ധങ്ങളുണ്ടാവില്ല. വ്യക്തികൾ തമ്മിൽ
സഹകരണത്തിലും മൈത്രിയിലും അടിയുറച്ച പരസ്പര
ബന്ധങ്ങളുണ്ടാവാൻ ഭദ്രമായ കുടുംബം കൂടിയേ തീരൂ.

സ്വവർഗരതിയിൽ തൽപരരാകുന്നവരുടെ മാനസിക ഘടന
താറുമാറാകുന്നു എന്നതാണ് വസ്തുത. മനോവൈകൃതം മൂല
മാണ് സ്വവർഗരതി അവർക്ക് ആനന്ദദായകമാകുന്നത്. പ്രകൃതി
നമുക്ക് നൽകുന്ന സുഖങ്ങൾക്ക് വിലയായി ചില ബാധ്യതകൾ
നമ്മെ ഏൽപിക്കുന്നുണ്ട്. സ്ത്രീപുരുഷാകർഷണത്തിന്റെയും
ലൈംഗിക സുഖത്തിന്റെയും വിലയാണ് സന്താനോൽപാദന
വും കുടുംബപാലനവും. വികലമാകാത്ത മനസ്സുകൾക്ക് ഈ
ബാധ്യതാ നിർവഹണവും സംതൃപ്തിദായകമാകുന്നു. പ്രകൃ
തി തരുന്ന സുഖം സ്വീകരിച്ച് വിലകൊടുക്കാതെ ഒഴിഞ്ഞുമാറു
ന്നത് പ്രകൃതിയോടുള്ള ധിക്കാരവും വഞ്ചനയുമാണ്. 'സ്വവർഗ
ദമ്പതികളു'ടെ പിതാക്കളും ഇതുപോലെ സുഖം സ്വീകരിച്ച് വി
ലകൊടുക്കാതെ ഒഴിഞ്ഞുമാറിയിരുന്നുവെങ്കിൽ അവസ്ഥയെ
ന്തായിരിക്കും?! ആ നിലക്കാലോചിച്ചാൽ അവർ മനുഷ്യസമൂ
ഹത്തെ ഒന്നടങ്കം വഞ്ചിക്കുകയാണെന്നു കാണാം. ആരോഗ്യ
പരമായും സ്വവർഗഭോഗം ആപൽക്കരമാകുന്നു. അതുവഴിയു
ണ്ടാകുന്ന രോഗങ്ങൾ രോഗികളിൽ ഒതുങ്ങിനിൽക്കാതെ
അയാളുമായി അടുത്തുപെരുമാറുന്നവരിലേക്കും വ്യാപിക്കുന്നു.
അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ട എയിഡ്സ് എന്ന മാരകരോഗ
ത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് സ്വവർഗഭോഗമാണെന്ന്
ഭിഷഗ്വരന്മാർ കണ്ടെത്തിയിരിക്കുന്നു. ഇതുകൊണ്ടൊക്കെ
യാണ് സ്വവർഗരതി സദാചാരവിരുദ്ധവും അധാർമികവുമായ
നീചവൃത്തിയാകുന്നത്.

لَتَأْتُونَ ٱلرِّجَالَ (നിങ്ങൾ പുരുഷന്മാരെത്തന്നെ പ്രാപിക്കു
ന്നു) എന്ന വാക്യം ശ്രദ്ധേയമാകുന്നു. കൗമാരം പിന്നിട്ടിട്ടില്ലാ
ത്ത കുട്ടികളെയാണ് സാധാരണഗതിയിൽ സ്വവർഗരതിക്കിരയാ
ക്കുക. എന്നാൽ സ്വവർഗഭോഗം ആശാസ്യമായ പൊതു സമ്പ്ര
ദായമായി കണക്കാക്കപ്പെടുന്നതോടെ പ്രായഭേദം അപ്രസക്ത
മാകുന്നു. പിന്നെ മുതിർന്നവർ തമ്മിൽ തന്നെ ഈ അശ്ലീലം നി
രന്തരം നടമാടിക്കൊണ്ടിരിക്കും. ഈ കാലഘട്ടം അതു സാക്ഷ്യ
പ്പെടുത്തുന്നു.

നേരിട്ടുള്ള സംബോധിതർ പുരുഷന്മാരായതുകൊണ്ടാണ്
പുരുഷന്മാരെ മാത്രം പരാമർശിച്ചത്. സദൂമിലെ സ്ത്രീകളിൽ
ഈ ദുരാചാരമുണ്ടായിരുന്നില്ല എന്ന് ഇതിനർഥമില്ല. സമൂഹ
ത്തിലെ പുരുഷന്മാർ സ്വവർഗരതിയിൽ ഭ്രമിക്കുമ്പോൾ സ്ത്രീ
കളും ഈ വഴിയെ നീങ്ങുക അനിവാര്യമാകുന്നു. ഈ ആഭാസ
ത്തിൽ പുരുഷന്ന് താൽപര്യം വർധിക്കുംതോറും സ്ത്രീകളോട്
വൈമുഖ്യം വളരുന്നു. ഭർത്താക്കന്മാരുടെ സ്വവർഗഭ്രമം മൂലം
അവഗണനയാലും ദാമ്പത്യസുഖ നിഷേധത്താലും കഷ്ടപ്പെടു
ന്ന എത്രയോ ഭാര്യമാരുണ്ട്. ഇത്തരം സ്ത്രീകളിൽ ചിലരെങ്കി
ലും തങ്ങളെപ്പോലുള്ള സ്ത്രീകളിൽനിന്നുതന്നെ പ്രണയവും
ലൈംഗികസുഖവും നേടാൻ ശ്രമിക്കുന്നു. അത് ക്രമേണ പൊ
തു സമ്പ്രദായമായി വളരുന്നു. ലൂത്വ് സമുദായത്തിൽ സ്വവർഗര
തി ആദ്യം തുടങ്ങിയത് സ്ത്രീകളിലാണെന്ന് ബൈഹഖിയും
ഇബ്നു അബീഹാതിമും ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയു
ന്നുണ്ട്. സ്വവർഗഭോഗം സ്ത്രീകളിലും പുരുഷന്മാരിലും ഒരു
പോലെ പടർന്നുപിടിച്ചപ്പോഴാണ് അല്ലാഹു സദൂം ജനതയെ
ശിക്ഷിച്ചതെന്ന് ഹുദൈഫ പ്രസ്താവിച്ചതായി അബുശ്ശൈഖും
ബൈഹഖിയും ഉദ്ധരിച്ചിരിക്കുന്നു. അബൂഹംസ പ്രസ്താവിച്ച
തായി ഇബ്നു അബിദ്ദീനാറും ബൈഹഖിയും ഉദ്ധരിക്കുന്നു: മു
ഹമ്മദുബ്നു അലിയ്യിനോട് ഞാൻ ചോദിച്ചു: ലൂത്വ് ജനതയി
ലെ പുരുഷന്മാർ ചെയ്ത പാപത്തിന് അല്ലാഹു സ്ത്രീകളെയും
ശിക്ഷിച്ചുവോ? അദ്ദേഹം പറഞ്ഞു: അത്തരം നടപടിയിൽനിന്ന്
പരിശുദ്ധനും അതിനീതിമാനുമാകുന്നു അല്ലാഹു. അവരിലെ
പുരുഷന്മാർ പുരുഷന്മാരിൽ മാത്രവും സ്ത്രീകൾ സ്ത്രീകളിൽ
മാത്രവും തൃപ്തിയടയുകയായിരുന്നു."

مِّن دُونِ ٱلنِّسَآءِ (സ്ത്രീകളെ വെടിഞ്ഞുകൊണ്ട്) എന്ന വാക്ക്
ലൈംഗികാസക്തി – شَهْوَةً – യുടെ ലക്ഷ്യം തകർക്കപ്പെടുന്നതി
നെ വ്യക്തമാക്കുന്നു. സ്വവർഗരതിക്കാർ പ്രകൃതി അവരിൽ നി
ക്ഷേപിച്ച പ്രത്യുൽപാദന ശേഷി പാഴാക്കിക്കളയുന്നു. ഉർവരമാ
യ കൃഷിഭൂമിയിലേക്കൊഴുക്കേണ്ട ജലം അവർ ഊഷരമായ ത
രിശുനിലത്തേക്കൊഴുക്കിവിടുന്നു. തേവുന്നതിലനുഭവിക്കുന്ന
സംതൃപ്തിയെ സർവസുഖസാരമായി തെറ്റിദ്ധരിക്കുന്നു. വി
ത്തു മുളപ്പിക്കുകയും പരിചരിച്ചുവളർത്തുകയും വിളവെടുക്കുക
യും ചെയ്യുന്നതിലുള്ള കൂടുതൽ മഹത്വമാർന്നതും സ്ഥായിയാ
യതുമായ സുഖസന്തോഷങ്ങളെ കാണാതെ പോകുന്നു. വ്യ
ക്തിയുടെ ഈ നഷ്ടങ്ങൾക്കപ്പുറം വംശത്തിന്റെ തുടർച്ചയെ
അത് തടയുകയും ചെയ്യുന്നു. അതുകൊണ്ട് ഈ നടപടിയിലേർ
പ്പെടുന്ന സമൂഹം مُّسْرِفُونَ ആകുന്നു. പ്രകൃതി നിശ്ചയിച്ച പരി
ധികൾ ഗുരുതരമായി ലംഘിക്കുന്നവർ എന്നാണിവിടെ ഈ പദ
ത്തിന്റെ ആശയം. ■